



## 1 കിലോ 800 ഗ്രാം കഞ്ചാവുമായി ആസാം സ്വദേശി പിടിയിൽ

1 കിലോ 800 ഗ്രാം കഞ്ചാവുമായി ആസാം സ്വദേശിയെ ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും ഒറ്റപ്പാലം പോലീസും സംയുക്തമായി നടത്തിയ പരിശോധനക്കിടെ പിടികൂടി. ആസാം, നാഗോൺ സ്വദേശി നസീറുൽ ഇസ്ലാം, വ: 27 ആണ് ഇന്നലെ രാത്രി ഒറ്റപ്പാലം റെയിൽവേ സ്റ്റേഷൻ പരിസരത്തിൽ നിന്നും പിടിയിലായത്.

സംസ്ഥാന പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ ജില്ലാടിസ്ഥാനത്തിൽ രൂപീകരിച്ച ഡാൻസാഫ് സ്ക്വാഡിൻെറ നേതൃത്വത്തിൽ നടത്തിവരുന്ന പ്രത്യേക ഓപ്പറേഷൻെറ ഭാഗമായാണ് പരിശോധന നടത്തി വരുന്നത്.

# 1.800 കി.ഗ്രാം കഞ്ചാവുമായി ആസാം സ്വദേശി പിടിയിൽ

പാലക്കാട്: 1.800 കിലോ ഗ്രാം കഞ്ചാവുമായി ആസാം സ്വദേശി പിടിയിൽ. ആസാം നാഗോൺ സ്വദേശി നസീറുൽ ഇസ്ലാം (27) ആണ് കഴിഞ്ഞദിവസം രാത്രി ഒറ്റപ്പാലം റെയിൽവേ സ്റ്റേഷൻ പരിസരത്ത് ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും ഒറ്റപ്പാലം പോലീസും സംയുക്തമായി നടത്തിയ പരിശോധനയ്ക്കിടെ പിടിയിലായത്. പിടിച്ചെടുത്ത കഞ്ചാവിന് 2 ലക്ഷം രൂപ വില വരും. ആസാമിൽ നിന്നുമാണ് കഞ്ചാവ് വാങ്ങിച്ചതെന്ന് പ്രതി മൊഴി നൽകി. പട്ടാമ്പി ഭാഗത്തേക്ക് കൊണ്ടു പോകുകയായിരുന്നു. ട്രെയിൻ മാർഗം ഒറ്റപ്പാലം എത്തിയശേഷം ബസ് കയറാൻ വരുന്ന സമയത്താണ് പിടിയിലായത്. സ്കൂൾ, കോളജ് വിദ്യാർഥികൾ, ഇതരസംസ്ഥാന തൊഴിലാളികൾ എന്നിവരാണ് പ്രധാന ഉപഭോക്താക്കൾ.ജില്ല പോലീസ് മേധാവി ശിവവിക്രമിന്റെ നിർദേശ പ്രകാരം നർകോട്ടിക് സെൽ ഡിവൈ.എസ്.പി. ബാബു തോമസിന്റെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്. ഒറ്റപ്പാലം സി.ഐ: എം. സുജിത്ത്, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ സി. വിജയാനന്ദ്, റഹീം മുത്തു, ആർ. വിനീഷ്, ആർ. രാജീദ്, ദിലീപ്, എസ്. ഷമീർ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.

പാലക്കാട് ജില്ല പോലീസ് മേധാവി ശിവവിക്രം IPS ൻെറ നിർദ്ദേശത്തെത്തുടർന്ന് നർകോട്ടിക് സെൽ DySP ബാബു തോമസിൻെറ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്. ആസ്സാമിൽ നിന്നുമാണ് കഞ്ചാവ് വാങ്ങിച്ചിട്ടു വന്നതെന്ന് പ്രതി മൊഴി നൽകി. ട്രെയിൻ മാർഗ്ഗം ഒറ്റപ്പാലം എത്തി ശേഷം ബസ് കയറാൻ വരുന്ന സമയത്താണ് പിടിയിലായത്. പിടിച്ചെടുത്ത കഞ്ചാവിന് 2 ലക്ഷം രൂപ വില വരും.

ഒറ്റപ്പാലം C.I. M.സുജിത്ത്, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ C.വിജയാനന്ദ്, റഹീം മുത്തു, R. വിനീഷ്, R. രാജീദ്, ദിലീപ്, S. ഷമീർ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്

..........................................................................................................................................

